LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോട്ടിയിൽ പുതിയ എക്സൈസ് ഓഫീസ്

232 (209) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി പുതിയ എക്സൈസ് സർക്കിൾ ഓഫീസും റേഞ്ച് ഓഫീസും സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് കേന്ദ്രമാക്കി എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

തുറമുഖ വകുപ്പിന്റെ ഫണ്ടുകൾ പ്രകാരമുള്ള റോഡുകൾ

233 (210) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് സംസ്ഥാനത്ത് നിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്ത റോഡുകൾ എത്രയാണെന്നും അതിനായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചുവെന്നും പറയാമോ:

(ബി) ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത ഇനത്തിൽ പുനരുദ്ധരിച്ച റോഡുകൾ ഏതെല്ലാമാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 5 (അഞ്ച്) റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ആയതിന് ആകെ 3,26,28,814 രൂപ (മൂന്നു കോടി ഇരുപത്താറു ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എണ്ണൂറ്റി പതിനാല് രൂപ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫിഷറീസ് സെക്ടറിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1596 റോഡുകൾക്ക് ഭരണാനുമതി നൽകി പുനരുദ്ധരിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21791.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.